"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്- ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിലെ കെയർടേക്കർമാർക്ക് ഓറിയൻറേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.8/2024/SJD    തീയതി,തിരുവനന്തപുരം, 06-01-2024

---

പരാമർശം:- 1. 06/12/2023 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ എസ് ജെ.ഡി/ 3721/2023/ഓ.സി.ബി1 നമ്പർ കത്ത്

2. 12/12/2023 ലെ വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി കുറിപ്പ്

**<u>ഉത്തരവ്</u>**

ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിലെ കെയർടേക്കർമാർക്ക് ഓറിയൻറേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിൻപ്രകാരം ഒരു ബാച്ചിൽ 100 പേർ എന്ന നിലയിൽ 1821 കെയർടേക്കർമാർക്ക് വൺഡേ ട്രെയിനിംഗ് നടത്തുന്നതിന് മൊത്തം 14,20,380/- രൂപ ചെലവ് വരുമെന്നും, പ്രസ്തുത തുക 2023-2024 സാമ്പത്തിക വർഷത്തെ 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നു അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ നൽകിയിരുന്നു.

2. പ്രസ്തുത ശുപാർശ പരാമർശം (2) പ്രകാരം നടന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും ഭരണാനുമതി നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയ്ക്കായി 14,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിലുള്ള വിവിധ ട്രേയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന്, ഡയറക്ടർ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം, മൊത്തം 14,20,380/- രൂപ (പതിനാലു ലക്ഷത്തി ഇരുപതിനായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം) 2023-2024 സാമ്പത്തിക വർഷത്തെ 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന്

വിനിയോഗിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Remya Kumari L
Date: 08-01-2024 11:21:39
സെക്ഷൻ ഓഫീസർ

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,വികാസ് ഭവൻ തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ , തിരുവനന്തപുരം
ഡയറക്ടർ , സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ) )കേരള, തിരുവന്തപുരം
ധനകാര്യ (വെൽഫെയർ വിങ് )വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.